# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 237/2025** **തിരുവനന്തപുരം, തീയതി: 31.10.2025**

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല നാലാം സെമസ്റ്റർ ബിപിഎ മ്യൂസിക്, ബിപിഎ മ്യൂസിക് (വീണ/ വയലിൻ/ മൃദംഗം) ബിപിഎ ഡാൻസ്, ബിപിഎ (വോക്കൽ/ വീണ/ വയലിൻ/ മൃദംഗം), ബിഎ കമ്മ്യൂണിക്കേറ്റീവ് അറബിക് ജൂലൈ 2025 ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2025 നവംബർ 11 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ് വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 ജൂൺ മാസം നടത്തിയ നാലാം സെമസ്റ്റർ എംഎ ബിസിനസ് എക്കണോമിക്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനക്ക് www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി 2025 നവംബർ 08 വരെ അപേക്ഷിക്കാം. വിശദവിവരം വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ചേർഡ് കോഴ്സ് -2008 scheme- അഞ്ചാം സെമസ്റ്റർ (ജനുവരി 2025), ഏഴാം സെമസ്റ്റർ (ജനുവരി 2025) സപ്ലിമെന്ററി/മേഴ്സിചാൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 ജൂൺ മാസം നടത്തിയ നാലാം സെമസ്റ്റർ എംഎസ്‌സി ജിയോളജി (റെഗുലർ ആൻഡ് സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനക്ക് www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി 2025 നവംബർ 09 വരെ അപേക്ഷിക്കാം. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 ജൂൺ മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. സുവോളജി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷ www.slcm.keralauniversity.ac.in മുഖേന 2025 നവംബർ 10 വരെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2025 ഏപ്രിൽ മാസം മൂന്നാം സെമസ്റ്റർ നടത്തിയ ബിടെക് (2008 സ്കീം) കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിംഗ് ബ്രാഞ്ചിന്റെ പ്രാക്ടിക്കൽ പരീക്ഷ 2025 നവംബർ 4 ന് കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

### ടൈംടേബിൾ

കേരളസർവകലാശാല നടത്തുന്ന മൂന്നാം സെമസ്റ്റർ FYUGP നവംബർ 2025 റെഗുലർ 2024 അഡ്മിഷൻ പരീക്ഷയുടെ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല നടത്തിയ രണ്ടാം സെമസ്റ്റർ ബികോം ന്യൂ ജനറേഷൻ ഡബിൾ മെയിൻ ആഗസ്റ്റ് 2025 ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

## കോളേജ് മാറ്റം

കേരളസർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ നാലാം സെമസ്റ്ററിലേക്ക് ബിരുദ വിദ്യാർത്ഥികൾക്ക് (FYUGP) 2025-26 അദ്ധ്യയന വർഷത്തിൽ മേജർ വിഷയം മാറാതെയുള്ള കോളേജ് മാറ്റത്തിനായി അപേക്ഷിക്കാവുന്നതാണ്. കോളേജ് മാറ്റം ഗവൺമെന്റ് /എയ്ഡഡ് കോളേജുകൾ തമ്മിലും (ഓട്ടോണോമസ് ഒഴികെ), സ്വാശ്രയ കോളേജുകൾ തമ്മിലും, യു.ഐ.റ്റി സെന്ററുകൾ തമ്മിലും അനുവദിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷ, + 2 അല്ലെങ്കിൽ തത്തുല്യ പരീക്ഷയുടെ മാർക്ക് ലിസ്റ്റ് സഹിതം പഠിക്കുന്ന കോളേജിലെ പ്രിൻസിപ്പാളിന്റെ ശുപാർശയോടൊപ്പം 1050 /- രൂപ ഫീസ് അടച്ചു ചേരാൻ പോകുന്ന കോളേജിൽ 2025 നവംബർ 10 നു മുൻപായി സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ 1575 /- രൂപ കൂടി അടക്കേണ്ടതാണ്. അപേക്ഷ സർവകലാശാല രജിസ്ട്രാർ തപാലിൽ ലഭിക്കേണ്ട അവസാന തീയതി 2025 നവംബർ 14 ആണ്. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്.നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

## സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് സീറ്റ് ഒഴിവ്

കേരളസർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നവംബർ 2025ൽ തുടങ്ങുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത : പ്ലസ് ടു / പ്രി ഡിഗ്രി ജയിച്ചിരിക്കണം; കോഴ്സ് കാലാവധി ആറു മാസം; ക്ലാസുകൾ: ശനി ഞായർ ദിവസങ്ങളിൽ; കോഴ്സ് ഫീസ് : Rs. 9000/-; ഉയർന്ന പ്രായ പരിധി ഇല്ല. അസ്സൽ സർട്ടിഫിക്കറ്റും പകർപ്പും ഒരു ഫോട്ടോയും സഹിതം P.M.G. JN. Students Centre Campus ലെ CACEE ഓഫീസിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക്: 0471-2302523.

## ഇക്ബാൽ കോളേജിൽ കേരളസർവകലാശാല അംഗീകരിച്ച കോഴ്സുകളിലേയ്ക്കുള്ള അപേക്ഷ ക്ഷണിക്കുന്നു.

കേരളസർവകലാശാല സെൻറർ ഫോർ അഡൽറ്റ് ആന്റ് കണ്ടിന്യൂയിങ് എജ്യൂക്കേഷൻ ആൻഡ് എക്സ്റ്റൻഷൻ (CACEE) പെരിങ്ങമ്മല, ഇക്ബാൽ കോളേജിൽ നടത്തി വരുന്ന കോഴ്സുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. കോഴ്സിൽ ചേരുന്നതിനുള്ള അപേക്ഷഫോം കോളേജിൽ ലഭ്യമാണ്. താൽപര്യമുള്ളവർ 2025 നവംബർ 10-നു മുൻപായി കോളേജ് ഓഫീസിലോ, 9567051578, 9846671765 (Dr. Sajeer S, Course Coordinator), 04722845537 (College office) എന്ന നമ്പറുകളിൽ ബന്ധപ്പെടുക. കോഴ്സുകൾ: സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻറ് ഇൻഫർമേഷൻ സയൻസ് (6 മാസം), സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് (4 മാസം), സർട്ടിഫിക്കറ്റ് ഇൻ യോഗ ആൻഡ് മെഡിറ്റേഷൻ (3 മാസം), ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (6 മാസം), യോഗ്യത: പ്ലസ്ടു/ പ്രീ-ഡിഗ്രി, ഉയർന്ന പ്രായപരിധി ഇല്ല

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**